©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 27<br>27th April 2021<br>1196 മേടം 14<br>14th Medam 1196<br>1943 വൈശാഖം 7<br>7th Vaisakha 1943 | നമ്പർ<br>No. | 17 |

# PART III

# Labour Department

NOTICE

No. P-670/2018. *15th April 2021.*

Whereas the United India Insurance Company Limited has deposited with this Court a sum of ₹ 10,06,484 (Rupees Ten Lakhs Six Thousand Four Hundred and Eighty Four only) as a compensation to be distributed to the dependents of the deceased Sukumaran, who met with a fatal accident while employed as a Driver by the 1st opposite party's Autorickshaw and whereas the Assistant Labour Officer, Attingal reported that,

1. Sri Sreedharanpillai, Manjavila Veedu, Kannamkarakonam, Attingal P. O.—Father.
2. Smt. K. Bhavani Amma, Manjavila Veedu, Kannamkarakonam, Attingal P. O.—Mother.
3. Smt. Geetha, Manjavila Veedu, Kannamkarakonam, Attingal P. O.—Wife.

are his only dependents as defined under Section 2 (1) (d) of the Employee's Compensation Act. Any others who claim to be the dependents of the deceased should within 15 days of the publication of this notice in the Kerala Government Gazette prefer their claim in writing before me and prove the same. If no such claims are received within the prescribed time the entire amount of compensation will be disbursed to the persons mentioned above. Claims preferred thereafter will not be considered.

1 -ാം എതിർകക്ഷിയുടെ ഓട്ടോറിക്ഷയിൽ ഡ്രൈവറായി ജോലി ചെയ്യുമ്പോൾ അപകടമുണ്ടായി മരണമടഞ്ഞ സുകുമാരന്റെ ആശ്രിതർക്ക് എംപ്ലോയീസ് കോമ്പൻസേഷൻ തുക നൽകുന്നതിനായി ₹ 10,06,484 (പത്ത് ലക്ഷത്തി ആറായിരത്തി നാന്നൂറ്റി എൺപത്തി നാലു രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവച്ചിരിക്കുന്നു. അന്വേഷണം നടത്തിയതിൽ ടിയാന്റെ ആശ്രിതരായി,

1. ശ്രീ. ശ്രീധരൻപിള്ള, മഞ്ഞവിള, കണ്ണങ്കരക്കോണം, ആറ്റിങ്ങൽ—പിതാവ്.
2. ശ്രീമതി കെ. ഭവാനിയമ്മ, മഞ്ഞവിള, കണ്ണങ്കരക്കോണം, ആറ്റിങ്ങൽ—മാതാവ്.
3. ശ്രീമതി. ഗീത, മഞ്ഞവിള, കണ്ണങ്കരക്കോണം, ആറ്റിങ്ങൽ—ഭാര്യ.

എന്നിവർ മാത്രമേ ഉള്ളൂവെന്ന് ആറ്റിങ്ങൽ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിരിക്കുന്നു. ടിയാന്റെ ആശ്രിതർ എന്ന് മേൽ വിവരിച്ച നിർവചനത്തിൽ ഉൾപ്പെടുന്നവരായി വേറെ ആരെങ്കിലുമുണ്ടെങ്കിൽ ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ രേഖപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ഹാജരായി തെളിയിക്കേണ്ടതും അവധി കഴിഞ്ഞുള്ള ഹർജികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

Office of the Industrial Tribunal,
Housing Board Building,
4th Floor, Santhi Nagar,
Thiruvananthapuram-01.

(Sd.)
*Employees' Compensation Commissioner.*

---

നോട്ടീസ്

നമ്പർ സി1-58/2021. 2021 ഏപ്രിൽ 12.

ശ്രീ. ബിച്ചു റോയ്, S/o റോയ് സി. ജോൺ, ചന്ദ്രാവെളിൽ പുത്തൻപുരയിൽ വീട്, നെച്ചൂർ പി. ഒ., പിറവം, എറണാകുളം എന്നയാളുടെ കീഴിൽ ജോലി നോക്കിവരവെ മാരകമായി അപകടമുണ്ടായി മരണമടഞ്ഞ ശ്രീ. വിശാഖ്, അശ്വനി ഭവൻ, വെള്ളാനി വീട്, എൻ. എ. ഡി. പി. ഒ., ആലുവ-യുടെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി ₹ 16,32,532 (പതിനാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്റ്റിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ ആശ്രിതരായി അതുല്യ ഭവൻ, തൃച്ചാറ്റുകുളം പി. ഒ., പാണാവള്ളി പഞ്ചായത്ത്, വാർഡ്-4, ആലപ്പുഴ താമസം (1) ശ്രീ അശ്വനി കുമാർ S/o തങ്കപ്പൻ നായർ (പിതാവ്), (2) ശ്രീമതി ശ്രീകല (മാതാവ്) എന്നിവർ മാത്രമേ ഉള്ളൂവെന്നും ആലുവ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

എംപ്ലോയീസ് കോമ്പൻസേഷൻ
കമ്മീഷണറുടെയും
ഇൻഡസ്ട്രിയൽ
ട്രൈബ്യൂണലിന്റെയും
കാര്യാലയം, ആലപ്പുഴ.

(ഒപ്പ്)
കമ്മീഷണർ ഫോർ
എംപ്ലോയീസ് കോമ്പൻസേഷൻ &
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ.

നോട്ടീസ്

(1)

നമ്പർ ബി-1996/2020.
ഇ.സി.സി. 21/18.
2021 ഏപ്രിൽ 5.

ശ്രീ. വിനു ഫ്രാൻസിസ്, പാണേക്കാടൻ ഹൗസ്, ചിറ്റിശ്ശേരി, നെൻമണിക്കര, തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ രക്ഷിതാക്കളായ ശ്രീ. ഫ്രാൻസിസ്, ശ്രീമതി സൈമണി എന്നിവർ ഈ ട്രൈബ്യൂണൽ മുമ്പാകെ ECC 21/18-ാം നമ്പരായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവചന പ്രകാരം ശ്രീ. വിനു ഫ്രാൻസിസിന്റെ ആശ്രിതരായി (1) ശ്രീ. ഫ്രാൻസിസ് (പിതാവ്), (2) ശ്രീമതി സൈമണി (മാതാവ്) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് ഇരിങ്ങാലക്കുട അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞവർ മാത്രമാണ് ശ്രീ. വിനു ഫ്രാൻസിസിന്റെ ആശ്രിതർ എന്നുള്ള നിഗമനത്തിൽ എത്തുന്നതായിരിക്കും.

(2)

നമ്പർ ബി-2342/2020.
ഇ.സി.സി. 979/16.
2021 ഏപ്രിൽ 5.

ശ്രീ. വിശ്വംഭരൻ, അരീയ്ക്കൽ (ഹൗസ്), പാറേക്കാട്ട്കര, മൂരിയാട്, തൃശ്ശൂർ എന്ന വ്യക്തി ജോലിക്കിടയിൽ മരണപ്പെട്ടതിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ₹ 14,63,320 (പതിനാല് ലക്ഷത്തി അറുപത്തി മൂന്നായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) കേസിലെ എതിർ കക്ഷി ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2(1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവചന പ്രകാരം ശ്രീ വിശ്വംഭരന്റെ ആശ്രിതരായി (1) ശ്രീമതി രമണി (ഭാര്യ), (2) ശ്രീ. വിഷ്ണു, എ. വി. (മകൻ) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് ഇരിങ്ങാലക്കുട അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലും ഉണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ
ട്രൈബ്യൂണലിന്റെ
കാര്യാലയം, തൃശ്ശൂർ.
അയ്യന്തോൾ-680 003.

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ
കമ്മീഷണർ.